


Little KITEs
സ്വപ്നനൗക
A Voyage Beyond the Sea...
ജി.എച്ച്.എസ്.എസ്. മുതലമട


"Any sufficiently advanced technology is indistinguishable from magic..."
-Arthur Clarke-



# ആശംസ

കാലപ്രവാഹത്തിന്റെ അനുസ്യൂതമായ സഞ്ചാരപഥത്തിൽ അവസരങ്ങളുടെ ശ്രുതി മീട്ടുന്ന പുരോഗതി എന്ന യാനപാത്രത്തിലാണ് ഇന്ന് മനുഷ്യ സഞ്ചാരം. സാങ്കേതിക വിദ്യാഭ്യാസരംഗത്തും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് പ്രയാണം തുടരുന്ന ഇന്നത്തെ വിദ്യാഭ്യാസ രംഗത്തിലും ലിറ്റിൽ കൈറ്റിന്റെ മികവാർന്ന, തിളക്കമുള്ള പ്രവർത്തനങ്ങൾ സാങ്കേതിക പ്രാവീണ്യമുള്ള പുതുതലമുറയ്ക്ക് അടിസ്ഥാന ശില പാകി കഴിഞ്ഞ ഈ  സന്ദർഭത്തിൽ മുതലമട ഹൈസ്കൂളിലും ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ സുഗേഷ്സാറിന്റെയും മിസ്ട്രസ് ഹരിപ്രിയ ടീച്ചറുടെയും സജീവമായ മ ഇടപെടലിലൂടെ നമ്മുടെ കൊച്ചു പ്രതിഭകളുടെ സർഗാത്മക രചനകൾ ചിറക് വിരിക്കുന്ന സ്വപ്നനൗക പ്രകാശനത്തിന് തയ്യാറായി കഴിഞ്ഞുവെന്നത് അഭിമാനകരമായ നേട്ടമാണ്.മുത്തും പവിഴവും എല്ലാം ലഭിക്കുന്ന രീതിയിൽ, സാങ്കേതിക തനിമയാർന്ന രീതിയിൽ ' സ്വപ്ന നൗക തയ്യാറാക്കിയ വിദ്യാർത്ഥികൾക്കും കൈത്താങ്ങായ അധ്യാപകർക്കും  അഭിനന്ദനങ്ങൾ.... ഈ മാഗസിൻ സമൂഹത്തിനും വിദ്യാർഥികൾക്കും പ്രയോജനപ്പെടുന്നതായി മാറട്ടെ എന്ന് ആശംസിക്കുന്നു ....

**ശ്രീമതി. എം. പി. ശൈലജ**
**ഹെഡ് മിസ്ട്രസ്**


2019-21
2019-22
little KITEs

## എഡിറ്റോറിയൽ ബോർഡ്

അഭിഷേക്. എ (എഡിറ്റർ )

ഐശ്വര്യ. കെ (സബ് എഡിറ്റർ)

ശബരീദാസ്. എം

ആദിൽ മുഹമ്മദ്. എ

ശബരീഷ്. എസ്

ഫൈസൽ. എം

അഖിൽ. എം

അഫ്സൽ. എം

സുമയ്യ. എം

ജന്നത്ത്നീസ. എം

ഫർഹാന. ജെ

ഗംഗ. കെ

അശ്വൻ. എം

## വഴികാട്ടികൾ

സുഗേഷ് .ടി

ഹരിപ്രിയ. എസ്

# EDITORIAL BOARD





# എഡിറ്റോറിയൽ

വിജ്ഞാനവും ഭാവനയും ഇഴചേർന്നൊരുക്കുന്ന നവ ലോകത്തിന്റെ വാതിലുകൾ തുറന്നിടാൻ ചക്രവാള സീമകൾക്കപ്പുറത്തേക്ക് സ്വപ്നനൗകയിൽ ഏറി ഒരു യാത്ര... കടലിന്റെ ആഴങ്ങളും ആകാശത്തിന്റെ അനന്തതയും കാത്തു വയ്ക്കുന്ന അറിവിന്റെ ചെപ്പുകൾ തുറന്ന്, സങ്കൽപങ്ങൾ യാഥാർത്ഥ്യങ്ങളാക്കി വെല്ലുവിളികൾ കരുത്താക്കി രണ്ടാം പ്രയാണം... ഡിജിറ്റൽ സങ്കേതങ്ങൾ ഉപയോഗിച്ച് ഭാവനയ്ക്ക് ചിറകുകൾ നൽകിയ ഒരുക്കിയ **സ്വപ്നനൗക "- A Voyage Beyond The Sea"** വരകളും വർണങ്ങളും അക്ഷരങ്ങളും കൂടിച്ചേർന്ന് ഡിജിറ്റൽ മാഗസിനായി രൂപം കൊള്ളുമ്പോൾ കൂടുതൽ കരുത്തുറ്റ യാത്രകൾക്കായുള്ള തുടർ ശ്രമങ്ങളാകുന്നു... പ്രകൃതിയും മനുഷ്യനും ഒത്തുചേർന്ന് ജീവിക്കേണ്ടതിന്റെ ആവശ്യകതയിലൂടെ , നിഗൂഢതകൾ തേടിയലഞ്ഞ് അറിവിന്റെ പുതുലോകം വെട്ടിപ്പിടിക്കാൻ ഒരു സഞ്ചാരം... കുറവുകൾ കരുത്താക്കി, പരിമിതികൾ വളർച്ചയുടെ ചവിട്ടുപടികൾ ആക്കി അലകൾക്കപ്പുറം അറിവിന്റെ പുതുലോകത്തേക്കൊരു  യാത്ര... സ്വപ്നനൗക...




ജി എച്ച് എസ് എസ് മുതലമട ലിറ്റിൽ കൈറ്റ്സ് രണ്ടാം യൂണിറ്റ് ഡിജിറ്റൽ മാഗസിൻ ഇവിടെ ജന്മം എടുക്കുമ്പോൾ അത്ഭുതവും ആഹ്ലാദവും നിറഞ്ഞ സംതൃപ്തിയോടെ ഞങ്ങളും ഇതിൽ പങ്കാളികൾ ആവുകയാണ് ....ഭാവനകൾക്കും അറിവുകൾക്കും ചിറകുകൾ വിടർത്തി പറക്കാൻ ഒരു ലോകം ചൂണ്ടി കാണിച്ചു കൊടുക്കാൻ ആയ ആത്മസംതൃപ്തിയോടെ ... കൃത്യമായ മൊഡ്യൂളുകൾക്കപ്പുറമുള്ള  അറിവുകൾ വെട്ടിപ്പിടിച്ച് , പരിശ്രമിച്ച് കുട്ടികൾ മുന്നേറുമ്പോൾ, അത് അവരുടെ വ്യക്തിത്വത്തിലേക്കും ഭാവിയിലേക്കും മാറ്റക്കൂട്ടുമ്പോൾ അതിനുള്ള ആദ്യ ചുവടും അടിത്തറയും ആയി ലിറ്റിൽ കൈറ്റ്സ് ക്ലാസുകൾ മാറുകയാണ്. ഭയത്തോടെയും ആത്മവിശ്വാസക്കുറവോടെയും കണ്ടിരുന്ന ഒരു ലോകത്തേക്ക് പ്രതിസന്ധികൾ മറികടന്ന് എത്തിച്ചേരാനുള്ള പരിശീലന പദ്ധതിയുടെ മികവാണ്  ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ മുഖമുദ്ര.സ്വന്തം കഴിവുകൾ വികസിപ്പിച്ചെടുക്കാനുള്ള അവസരത്തിനൊപ്പം ഡിജിറ്റൽ അറിവിന്റെ അനന്തലോകം തേടിയുള്ള യാത്രയിൽ കുട്ടികൾക്ക് വഴി കാണിക്കാൻ ആകുന്നു എന്ന സന്തോഷത്തോടെ ഞങ്ങളുടെ രണ്ടാം ഡിജിറ്റൽ മാഗസിൻ **സ്വപ്നനൗക** - A Voyage Beyond The Sea ഇവിടെ സമർപ്പിക്കുന്നു.....

സുഗേഷ് .ടി
കൈറ്റ് മാസ്റ്റർ

ഹരിപ്രിയ. എസ്
കൈറ്റ് മിസ്ട്രസ്



# ജീവസ്പന്ദം

സ്വർഗ്ഗം ഭൂമിയിൽ നിറമാർന്ന പൂക്കളെ
വിരിയിക്കാൻ എത്തുന്ന മഴയെ,
ദൈവത്തിൻ സൃഷ്ടിയിൽ മനോഹരമായ്
നീ-
എന്നും എന്നും.
എന്നിൽ നീ സ്പർശമേൽക്കും ഓരോ-
നിമിഷവും,
മറന്നു എൻ ദുഃഖങ്ങളെ ഓരോന്നായ്
എന്നും എന്നും
ജാതിമതഭേദമില്ലാതെ ആസ്വദിച്ചു
നിന്നെ മനുഷ്യരാശികൾ
നിൻ വരവിനെ വരവേൽക്കാനെത്തി-
തളിരിടും പൂമൊട്ടുകൾ......

സ്വർഗ്ഗമാം വനത്തിലേക്ക്
പനിനീരായി
മാധുര്യം പകർന്നു നീ.
പൂക്കളും മരങ്ങളും കാത്തിരുന്നു
നിൻവരവിനായ്
ആവശ്യക്കാർ ഏറെ നിന്നെകാത്ത്-
ഇരിപ്പുണ്ട് ഈ ഭൂമിയിൽ......

അഭിഷേക്
9-E

# പശ്ചാത്താപത്തിന്റെ വിരലുകൾ

ഒരു നീണ്ട യാത്രയ്ക്ക് ശേഷം ഇടവഴിയിൽ താണ്ടി അവൾ ഗ്രാമത്തിന്റെ കവലയിൽ എത്തിയപ്പോൾ അയാളെയും കാത്ത് മറ്റൊരാൾ അവിടെ നിൽപ്പുണ്ട്. ആരാണ് അയാളെ കാത്തു നിൽക്കുന്നത് എന്ന് എനിക്ക് ഒരു നിശ്ചയമുണ്ടായിരുന്നില്ല. ഒരു സൂചിയുടെ മുനയുള്ള മൂർച്ച കൊണ്ട് എന്റെ കണ്ണുകൾ ഞാൻ അയാളെ തന്നെ നോക്കി നിന്നു. അയാളുടെ കണ്ണിൽ തെളിഞ്ഞത് അയാളുടെ നൊമ്പര തിരകളുടെ അടയാളമായിരുന്നു. ആരാണയാൾ???

ഞാനെന്റെ ഓർമ്മകളെ ഒന്ന് വിരലോടിച്ചു. എനിക്ക് വ്യക്തമായി അത് നാരായണനാണ് .

ജീവിതത്തിന്റെ നല്ല ഒരു ഭാഗം ജയിലിൽ അനുഷ്ഠിച്ച വ്യക്തി. അയാളെ ആലോചിക്കുമ്പോൾ തന്നെ മനം പേടികൊണ്ട് വിറക്കുന്നു. നല്ലൊരു വ്യക്തിത്വത്തിന് ഉടമയായിരുന്നു നാരായണൻ. പക്ഷേ എന്താണ് അങ്ങനെ ചെയ്തത് എന്ന് എല്ലാവരും സംശയമായി. അത് അയാളെ ആരെങ്കിലും ചതിക്കാൻ ആണോ എന്റെ മനസ്സ് ചോദ്യചിഹ്നം കൊണ്ട് നിറഞ്ഞു .


സ്വന്തം മാതാപിതാക്കളെയും ഭാര്യയെയും തന്റെ സഹോദരന്മാരെയും സ്വത്തിനുവേണ്ടി വധിച്ചുവെന്ന് ഇത് അക്കാലത്തെ ജനങ്ങളുടെ നാവിൻ തുമ്പത്ത് ഉണ്ടായിരുന്ന വാക്കുകളായിരുന്നു. എന്റെ ചേട്ടന്റെ ഒറ്റ സുഹൃത്തായിരുന്നു അയാൾ. പക്ഷേ എനിക്ക് അവളെ കാണുമ്പോൾ തന്നെ പേടിയായിരുന്നു. എന്റെ ഒറ്റ സുഹൃത്തായിരുന്ന രാമൻ ,നാരായണന്റെ അനുജൻ ആയിരുന്നു. രാമനെ  സ്വത്തിനുവേണ്ടി മൃഗീയമായി കൊലപ്പെടുത്തിയതാണ് നാരായണൻ. ഇപ്പോൾ ഞാൻ എല്ലാം ഓർക്കുന്നു ! അന്നൊരു മഴകൊണ്ട് ഇരുണ്ട ദിവസമായിരുന്നു.തന്റെ മകൾ അവൾ തങ്ങളുടെ മരണത്തിനു ശേഷം സ്വത്തിനുവേണ്ടി അടി കൂടരുതെന്ന് അവർ ആഗ്രഹിച്ചു.. അതുകൊണ്ടുതന്നെ സ്വത്ത് ഭാഗം വെക്കാൻ അവർ തീരുമാനിച്ചു . അന്ന് ഞങ്ങളുടെ ഗ്രാമത്തിന്റെ മക്കളുടെ വിവാഹമായിരുന്നു തുടർന്ന് ഗ്രാമത്തിൽ ഉള്ളവരെല്ലാം അടുത്ത ദേശത്തേക്ക് അ വിവാഹത്തിൽ പങ്കെടുക്കാനായി പോയിരുന്നു. ഞാനും എന്റെ കുടുംബവും പോയിരുന്നു. തിരിച്ചുവരുമ്പോൾ കാണുന്നത് ഒരു കുടുംബം മുഴുവനും ചോരയിൽ മുങ്ങി ഇരിക്കുന്നതാണ് .

അന്നത്തെ തെളിവുകളുടെ അടിസ്ഥാനത്തിൽ നാരായണനാണ് കുറ്റവാളി എന്ന് സ്ഥിതിപെടുത്തി. ഇപ്പോൾ അയാൾ ഒരുപാട് മാറിയിരിക്കുന്നു. താടി മുടി വളർന്ന ഒരു വൃദ്ധനെ പോലെ അയാൾ ഗ്രാമത്തിലെ കവലയിൽ എത്തിച്ചേർന്നപ്പോൾ അയാളെ തന്നെ എല്ലാവരും ആശ്ചര്യത്തോടെ നോക്കിയിരുന്നോ.നാരായണൻ ആകട്ടെ കാത്തുനിന്നതു  അയാളുടെ അമ്മയുടെ മോൻ ആയ ജയേട്ടനെ ആയിരുന്നു. ചേട്ടൻ ഇപ്പോൾ ഇവിടെ. ജയേട്ടന് കൊലപാതകത്തിനുശേഷം നാടുവിട്ട ആളായിരുന്നു. അയാൾ എന്തിനായിരിക്കും നാടുവിട്ടത് ?ഇങ്ങനെയുള്ള ഒട്ടേറെ ചോദ്യങ്ങൾ എന്റെ മനസ്സിൽ തെളിഞ്ഞിരുന്നു കുറച്ച സമയങ്ങൾക്ക് ഞാൻ അവരെ പിന്തുടർന്നു.

വഴിയോര മരങ്ങളിലെ കിളികളുടെ കാറിച്ച കാക്കകളുടെ കരച്ചിൽ അവരെല്ലാം എന്തിനെയോ സൂചിപ്പിക്കുന്നത് പോലെ. അവിടെ ആരും ഉണ്ടായിരുന്നില്ല ഞങ്ങളെ ഒഴിച്ച് നാരായണേട്ടൻ നിന്നു ജയേട്ടൻ ചുറ്റും നോക്കി ഞാനൊരു മരത്തിന്റെ പുറകിൽ ഒളിച്ചു. ജയേട്ടൻ വാക്കുകൾ തുടർന്നു. ഒരു കുറ്റസമ്മതം, അതിന്റെ സ്വരം ആയിരുന്നു. അതിന് അയാൾ കുറച്ച കാലം പുറകിലേക്ക് പോയി അന്ന് എന്താണ് സംഭവിച്ചത് .ഞാൻ വളരെ ആശ്ചര്യപെട്ടുപോയി ചേട്ടൻ തുടർന്നു. എല്ലാത്തിനും കാരണം ഞാനാണെന്ന് തുടർന്ന് ജയേട്ടൻ സ്വത്തിനുവേണ്ടി അവരെയെല്ലാം കൊന്നത് ഞാനാണെന്നും നീ വന്നപ്പോൾ കഠാര കൊണ്ട് പിന്നിൽ നിന്ന് കുത്തിയത് ഞാനാണ് എന്നും നീ മയങ്ങിയപ്പോൾ സാക്ഷികളെ എല്ലാം നിന്റെ നേർക്ക് തിരിച്ചതും ഞാൻ ആണെന്നും അയാൾ പറഞ്ഞു അയാളുടെ കണ്ണിൽ പശ്ചാത്താപതിന്റെ വിളക്ക് ആളിക്കത്തുന്നുണ്ടായിരുന്നു. ഇതെല്ലാം കേട്ടിട്ടും നാരായണേട്ടൻ ഒന്നും മറുപടി നൽകിയില്ല മുന്നോട്ട് തന്നെ തുടർന്നു. അയാൾ തന്റെ മാതാപിതാക്കളെയും ഭാര്യയെയും സഹോദരങ്ങളുടെയും ശവസംസ്കാരം നടന്ന സ്ഥലത്തേക്ക് പോയി. നാരായണേട്ടൻ ഒരു നിമിഷത്തേക്ക് അതിന്റെ അടുത്ത് ചെന്നിരുന്നു.തന്റെ ജീവിതാഭിലാഷം തീർന്നതു പോലെ  അയാൾ മെല്ലെ അവിടെ കുഴഞ്ഞു വീണു .ചേട്ടൻ അതെല്ലാം കണ്ടു മിഴിച്ച നിന്നു പോയി.

അമീന ഷെറിൻ

10 F



# മഴ

മഴ..........മഴ.........മഴ
വെള്ളിയുടുപ്പിൽ നീ മുന്നിലെ മനസ്സുനിറക്കും
സുന്ദരി  നീയല്ലേ എന്തൊരു
ഭംഗിയാ നിന്നെ കാണാൻ
മണ്ണിനു മണമേകും മഴയല്ലേ  .............
മനസിനെ മയക്കും മഴയല്ലേ ............
എന്നുടെ കൂടെ  കളിച്ചും  നടക്കാൻ  വരുമോ.....
നീ വരുമ്പോൾ എന്റെ മനസൊന്നു കുളിരുന്നു
നിന്നുടെ  ഭംഗി എനിക്ക്  നൽകുമോ.......
എൻ  മനസിനെ  മയക്കും മഴയായി  പെയ്തൊഴിഞ്ഞില്ലേ....
ഭൂമിക്കു  സ്വന്തം മഴയല്ലേ  ......നീ  വരുമ്പോൾ
പുഞ്ചിരിതൂകും ഭൂമിയുടെ ജീവൻ നീയല്ലേ?
 വരും നേരത്ത് പുഞ്ചിരികൊണ്ടു നിറയുന്നു
നിങ്ങളുടെ നാട്ടിൽ  കാഴ്ചകൾ നീ  കണ്ടില്ലേ......
നനവായി വന്നാട്ടെ കുയിലുകൾ
നീ വരുമ്പോഴെങ്കിലും കൂകുമോ
എന്റെ മനസ്സിൽ നിന്നുടെ കൂടെ കളിയാടീടാൻ മോഹം
കുളവും തോടും നീ
നിറന്നിടും.........
ഐശ്വര്യത്തിൻ പൊൻ തൂവൽ നീ  അല്ലേ......
എൻ മനം മയക്കും മഴയെ വന്നാട്ടേ.....
വന്നാട്ടെ..... വന്നാട്ടെ സുന്ദരമഴയേ വന്നാട്ടെ..........

ശിവപ്രിയ
5.B

# DIGITAL PAINTINGS









**Bobith. K.R**
**8-G**



**Anusree. C**
**6-D**


Anusree. C
6-D


Karthika
6-D

# ആകാശകണ്ണീർ

മഴയത്തു തുറന്ന മലരായി , നിലാവോ
മഴവിൽ കൊടിയുടെ നിറത്താലതി സുന്ദര സ്വപ്നമായ്
മാറുന്നുവോ ..............
തവളകളുടെ നീരുറ്റ ശബ്ദം മഴയെ
വരവേൽക്കുന്നു. താളത്തിനും മഴയുടെ
അനുരാഗത്താൽ പുലരുന്ന പൂമൊട്ടുകൾ
മഴയുടെ താളത്തിൽ നിശ്ശബ്ദചിത്രമായ്
പറന്നു ചിത്രശലഭങ്ങൾ.....
മഴയുടെ ആവിഷ്കാരമാകുന്നു.
മഴവിൽ നിറങ്ങൾ ആകാശവീഥിയിൽ
പൊൻ തൂവലുകൾ പകർത്തുന്നു .......

മഴപെയ്യും നേരം മനുഷ്യന്റെ
മനസ്സിൽ , മതിയില്ലാതാഹ്ലാദം നിറഞ്ഞു -
നിൽപ്പൂ കുളിരായി - , വിശ്വാസമായി
മനസ്സിൽ കണകളിൽ തങ്ങിനിൽപ്പൂ
മഴവിൽ നിറങ്ങൾ ആകാശവീഥിയിൽ
എറിഞ്ഞുകൊണ്ടവൻ നിലത്തേക്കുവീഴുന്നു ........

മഴയിൽ മൗനമാനമായി മറഞ്ഞ്നിൽക്കുന്നുവോ,
മനസ്സിൽ മതിയില്ലാത്ത ഒരു ആനന്ദം
നിറയുമോ പുതു മഴയിൽ
മഴതുള്ളി പുതു സുഗന്ധം പകരുന്നു പരത്തുന്നു.
മഴവിൽ തോണിയിൽ മധുരമായ നിൽക്കുന്ന
മഴയെ... നിൻ ഓർമയിൽ കുളിരാക്കി
വരുന്ന ഒരു മഴവിൽ കണ്ണാടി
മാനവത്ത്വം അഴുക്കിലും ആത്മവിശ്വാസമായി
പകരുന്ന മഴയെ .......
ഇമ്പമാം കാറ്റിൽ കുളിരേകി മഴയെ വരവേൽപ്പൂ ......

ആതിര -വി
10-E

# SAVE SOIL...
# SAVE EARTH...

COMING DECEMBER 5 AND THE ENTIRE WORLD GEARS UP TO CELEBRATE THE WORLD SOIL DAY . A THEME CROWNS THIS DAY EACH YEAR .THIS YEAR THE THEME IS STOP SOIL EROSION SAVE OUR FUTURE .

HOW DID IT START?

THE KINGDOM OF THAILAND TOOK THE LEADERSHIP AND AT THE 68th UN GENERAL ASSEMBLY IN SEPTEMBER2013 PROPOSED THAT A DAY HE DEDICATED TO SOIL .AN DECEMDER 2013 THE ASSEMBLY ACCEPTED THE ASSEMBLY ACCEPTED THE PROPOSAL AND DECEMBER 5 2014 WAS DECLARED AS THE FIRST OFFICIAL WORLD SOIL DAY [WSO] .THE DAY WAS ALSOCELEBRATED IN THE YEARS 2012 AND 2013 HOWEVER IT WAS NOT OFFICIAL .

DECEMBER 5 HAS BEEN CHOSEN FOR WSD BECAUSE IT IS THE BIRTHDAY OF H.N.KING BHUMIBOL ADULYADEJ ,THE LATE KING OF THAILAND , WHOB OFFICIAL THE EVENT .

SOIL IS THE SURFACE OF THE EARTH, IN FACT IT IS THE SKIN OF THE EARTH IT IS A MIXTURE OF MINERALS , WATER , AIR, ORGANICMATTER , AND MANY DEAD PLANTS ,VIRUSES , BACTERIA AND DEAD BODIES OF CREATURS .

SOIL SUSTAINS PLANT , ANIMAL , AND HUMAN BEINGS LIFE ON EARTH .

SOIL HAS THE POWER TO CHANGE THE ATMOSPHERE BY EMILATED AND ABSORBING GASES LIKE CARBONDIOXIDE ,METHANE , WATER VAPOUR

AND DUSTSOIL TAKES IN HOLD , DISCHARGES AND PURIFIES WATER ON THE EARTH SURFACE.

THIS AFFECT THE EARTH TEMPERATURE.

DIRT IS ALSO --------- IT IS THE ONLY MEDIUM BY WHICH PLANTS GROW . SOIL NOT CAPABLE OF SUPPORTING PLANT LIFE OR DEAD SOIL, IS DIRT.

**AISWARYA**

**9-F**

# എന്റെ അമ്മ



സ്നേഹം മാത്രം തരുമമ്മ
എൻ മനസ്സിൽ വിരിയും പൊന്നമ്മ
ഉറങ്ങും നേരം വരുമമ്മ
പാട്ടുകൾ പാടിതരുമമ്മ
അമ്മയെ ഓർക്കും എന്നുള്ളം
പുഞ്ചിരി കൊണ്ട് തുള്ളുന്നു
സ്നേഹ പൂവിതളാണമ്മ .......

കൂട്ടിനു കൂടെ വരുമമ്മ
എൻ കുഞ്ഞു പുഞ്ചിരി കാണാനായി

കാത്തിരിക്കും പൊന്നമ്മ
മധുരം പോലൊരു പാട്ടെല്ലാം
കേട്ടു രസിക്കാൻ രസമുണ്ട് .......

എൻ മനസ്സിൽ സങ്കടമുണ്ടെങ്കിൽ
ചിരിയുണർത്താൻ വരുമമ്മ
ഇരുട്ട് പുരണ്ട രാത്രികളിൽ
പൊന്നമ്പിളിമാമനെ കാട്ടിത്തരും
പുലരും നേരം ആകുമ്പോൾ
എന്നെ സുന്ദരിയാക്കും എന്നമ്മ
കളിച്ചു രസിക്കാൻ വരുമമ്മ
എൻ മനസ്സിൽ വിരിയും
പൊന്നമ്മ .......

നിവേദ്യ
5.E

# ഓർമ്മ

ഒരുനാൾ നാം മായുന്നു

മണ്ണിൽ നിന്നും വിണ്ണിലേക്ക്

അന്നാരാലും ഓർമ്മകൾ തൻ ചെപ്പുതുറക്കാൻ

ഞാനിന്നൊരു വിത്തുപാകി

സ്നേഹത്തിന്റെ,സൗഹൃദത്തിന്റെ,സാഹോദര്യത്തിന്റെ

കാലം കടന്നു പോയി

ഒരു സസ്യം കിളിർത്തു

മഴയും വെയിലും വസന്തവും ശിശിരവും

മാറി മാറി തഴുകി കടന്നുപോയി.......

ഇന്ന് ചെറു സസ്യം വളർന്നൊരീ പടുവൃക്ഷം

അവൻ സ്നേഹത്തിൻ സുഗന്ധം പരത്തുന്നു

സ്നേഹ സ്പർശത്താൽ പ്രകൃതി എന്നെ

വാരി പുണർന്നു

ആ സുഗന്ധം ഭൂമിയിലെങ്ങും പ്രകാശിക്കട്ടെ

ഓരോ മൺതരികളും ഓർക്കട്ടെ എന്നെ

എന്നിലെ നന്മയെ,സ്നേഹത്തെ,സൗഹൃദത്തെ...

ഷാഹീന

10-F

# MY VERY GOOD PUPPY


**Once Upon a day..When Iwas a small boy, I have a good puppy. The puppy was very intelligent and friendly. Every morning we go for walk.The puppy also came for walking. We named the puppy "Reddy". The puppy grow very well and his favourite food was chicken roast. Many days ago the puppy dissppeared.We searched many places. The puppy was not found .Few days ago I went chennai for a tour in a very sad mood and enjoyed well.Came back home by train.I saw my puppy dead in front of the road..my world turned dark...**

**This is my memorable moments in my life....**

അഫ്സൽ

9B







കേരളം എന്റെ ജന്മനാടാണ്. തെക്ക് പടിഞ്ഞാറേ അറ്റത്തായി സ്ഥിതിചെയ്യുന്ന ഹരിത മനോഹരമായ ഈ കൊച്ചു നാട് പ്രകൃതിരമണീയവും സുന്ദരവുമായ ഒരു ഭൂപ്രദേശമാണ്. അതുകൊണ്ട് തന്നെയാണ് സസ്യശ്യാമള കോമളമായ ഈ നാടിനെ ദൈവത്തിൻറെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കുന്നത്. കേരളം എന്ന വാക്ക് സൂചിപ്പിക്കുന്നത് കേരവൃക്ഷങ്ങളുടെ നാട് എന്നാണല്ലോ. കേരവൃക്ഷങ്ങൾ നിത്യം ആടുന്ന കടൽത്തീരങ്ങൾ,മനോഹരമായ കായൽ പരപ്പ്, സസ്യശ്യാമളമായ മലയോരങ്ങൾ, സുഗന്ധദ്രവ്യങ്ങൾ,കളകളാരവം പുറപ്പെടുവിക്കുന്ന അരുവികളും നീർച്ചാലുകളും, സംഗീതമേകുന്ന പക്ഷി സമൂഹങ്ങളും മലയോരങ്ങളെ ഗംഭീരമാക്കുന്ന വന്യജീവികൾ......കണ്ണിനും കാതിനും മാത്രമല്ല മനസ്സിനും കുളിർമയേകുന്ന ഈ കാഴ്ചകൾ ആരെയും മാടി വിളിക്കും. കേരളത്തനിമ വിളിച്ചോതുന്ന കഥകളി,ഓട്ടൻതുള്ളൽ വള്ളംകളി,കളരിപ്പയറ്റ് തുടങ്ങിയവ കേരളത്തിൻറെ മാത്രം പ്രത്യേകതകളാണ് വിനോദസഞ്ചാരികളുടെ ലഹരിയായി തീരുന്നതാണ് നമ്മുടെ കൊച്ചു കേരളം........

**വർഷ**

**10c**



# സ്വപ്നം കാണുക വിദ്യാർത്ഥികളെ...

ഇന്ത്യൻ ബഹിരാകാശ ഗവേഷണത്തിന്റെ ജ്വാലാവാഹിയായി തുടങ്ങി രാജ്യത്തെ വിദ്യാർഥി സമൂഹത്തെയാകെ ജ്വലിക്കുന്ന മനസ്സുകളാക്കി മാറ്റാൻ ശ്രമിച്ച എ പി ജെ അബ്ദുൽ കലാമിന്റെ ജന്മദിനമാണ് ഒക്ടോബർ 15. ലോക വിദ്യാർത്ഥിദിനമായി അന്നെ ദിവസം ആചരിക്കാൻ ഐക്യരാഷ്ട്രസഭ തീരുമാനിച്ചത് അദ്ദേഹത്തിന് വിദ്യാർത്ഥികളുമായുള്ള ബന്ധം വ്യക്തമാക്കുന്നു. കുട്ടികളുമായി ഇടപഴകാനും അവരെ പ്രചോദിതമാക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമം അവസാനശ്വാസം വരെ തുടർന്നു.

സ്വപ്നം കാണുക,സ്വപ്നം കാണുക,സ്വപ്നം കാണുക,സ്വപ്നങ്ങൾ ചിന്തകളായി മാറും .'ചിന്തകൾ പ്രവർത്തിയിലേക്കു നയിക്കും' എന്നായിരുന്നു വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുന്നതിനായി അദ്ദേഹം ആഹ്വാനം ചെയ്തത് 'ആരാണ് ശത്രു?' എന്ന കുട്ടികളുടെ ചോദ്യത്തിന് അദ്ദേഹം നൽകിയ മറുപടി ''ദരിദ്രമാണ്''ശത്രു' അതിനോടാണ് പൊരുതേണ്ടത് എന്നായിരുന്നു.

ആദിൽ മുഹമ്മദ്
**9E**



# ഓർമ്മ മേഘം

ആരാണ് മഴയുടെ മേൽ പ്രകൃതിയുടെ
കവിതയെന്ന ലേബൽ ചാർത്തിയത്
അസഹനീയം !!

പച്ചമാംസത്തിൽ വെടിയുണ്ട കേറുന്ന
പോൽ ഓർമ്മയുടെ കാൽപാടുകൾ
അല്ലെ ഓരോ മഴയും !!

വിടാതെ പിന്തുടരുന്ന നിഴൽ ചിത്രം
മാത്രം മറവിയുടെ മേൽ കാലത്തിന്റെ ചൂതാട്ടം!!

അനുശ്രീ
9-F

# പ്രാവ് പഠിച്ച പാഠം

ഒരിക്കൽ ഒരു കാട്ടിൽ ഒരു ഒറ്റക്കണ്ണൻ പ്രാവ് ഉണ്ടായിരുന്നു

ഒരു ദിവസം ആ പ്രാവ് തീറ്റ തേടി കുറെ പോയി അങ്ങനെ പറക്കുമ്പോൾ

അവനൊരു കടല് കണ്ടു.

ഇനി കുറച്ചു നേരം വിശ്രമിക്കാം... തളർന്ന പ്രാവ് തീരുമാനിച്ചു.അവൻ കടൽ

തീരത്തുള്ള ഒരു മരത്തിൽ ഇരുന്നു.

കടലിൽ നിന്നാണ് അപകടം വരാൻ സാധ്യത അതുകൊണ്ട് കാഴ്ചയുള്ള കണ്ണ്

കരയിലേക്ക് തിരിച്ച് ഇരിക്കാമെന്ന് പ്രാവ് കരയിലെ കാര്യങ്ങളെല്ലാം കാണുന്ന

വിധത്തിൽ ഇരുന്നു.

പെട്ടെന്ന് കടലിൽ നിന്നൊരു അമ്പ് ഷ്യൂം... പ്രാവിനെ തൊട്ടുരുമ്മി

കടന്നുപോയി. പ്രാവ് ഞെട്ടിപ്പോയി.

കടലിലൂടെ വഞ്ചിയിൽ പോയ വേട്ടക്കാരൻ എയ്ത അമ്പ് ആയിരുന്നു അത്

കടലിൽ നിന്ന് അപകടമുണ്ടാകില്ല എന്ന് കരുതിയ ഞാൻ ഒരു മണ്ടൻ തന്നെ.

അപകടം എവിടെ നിന്നും വേണമെങ്കിലും വരാമെന്ന് ഇപ്പോൾ മനസ്സിലായി.

പ്രാവ് വേഗം ജീവനുംകൊണ്ട് പറന്നു.....

മദൻരാജ

10c



# പുതിയ വഴിത്തിരിവ്

ഒരു നീണ്ട യാത്രയ്ക്ക് ശേഷം ഇടവഴിയും താണ്ടി അയാൾ ഗ്രാമത്തിലെ കവലയിൽ എത്തി അയാളെയും കാത്ത്. അവിടെ മറ്റൊരാൾ ഉണ്ടായിരുന്നു. അത് അയാളുടെ മകൾ ആയിരുന്നു. ആണും പെണ്ണും ആയി ഒന്ന്. തന്റെ മകൾക്കുവേണ്ടി അയാൾ ദൂര സ്ഥലത്ത് പോയിട്ട് ഇന്ന് മൂന്ന് വർഷം തികയുകയാണ്. അമ്മയുടെ മരണശേഷം അമ്മുവിനെ ചുമതല അമ്മമ്മ ഏറ്റെടുക്കുകയായിരുന്നു. അമ്മയുള്ള സമയത്ത് അച്ഛനെ പിരിയുമ്പോഴും ഈ വേദന അവളറിഞ്ഞില്ല . എന്നാൽ ഇന്ന് അമ്മയില്ല അതുകൊണ്ട് അവൾ സങ്കടങ്ങൾ കൊണ്ട് വീർപ്പുമുട്ടുകയാണ് .

ട്രെയിൻ ഇറങ്ങിയ ശേഷം അച്ഛൻ അമ്മുവിനെ നെഞ്ചോട് ചേർത്ത് പിടിച്ചു അവൾ തേങ്ങിക്കരഞ്ഞു. അമ്മുവിന് അച്ഛൻ എന്തൊക്കെയാ കൊണ്ടുവന്നിരിക്കുന്നത് എന്ന് അവൾ ആകാംക്ഷയോടെ തിരക്കി. അച്ഛൻ അവൾക്കായി കൊണ്ടുവന്ന പാവകളും ഉടുപ്പുകളും അവൾ സന്തോഷത്തോടെ സ്വീകരിച്ചു. പിറ്റേദിവസം രാവിലെ അമ്മയോട് യാത്ര പറഞ്ഞു അവളും അച്ഛനും അച്ഛന്റെ വീട്ടിലേക്ക് ഇറങ്ങി. അവിടെ അച്ഛനും അമ്മയും അമ്മായിമാരും അച്ഛന്റെ വരവിനെ കാത്തിരിക്കുകയായിരുന്നു. അങ്ങനെ അവൾ വീട്ടിലേക്ക് കയറുമ്പോൾ തന്നെ അവൾ അച്ഛമ്മയുടെ വാക്കുകൾ കാതോർത്തു. അച്ഛനെ വേറെ വിവാഹം കഴിപ്പിക്കണം എന്നായിരുന്നു.കേട്ടപ്പോൾ തന്നെ അമ്മുവിൻറെ നെഞ്ചാകെനീറിപോയി. അച്ഛൻ അത് സമ്മതിക്കുമോ എന്ന് ഭയപ്പെട്ടു. അമ്മുവിനെ അവിടെ വിട്ടുപോകാൻ തിടുക്കമായി. അമ്മയുള്ള കാലം മുതലേ അച്ഛമ്മയ്ക്ക് അവളെ ഇഷ്ടമല്ല. ആരും കാണാതെ അവൾ കരയുകയായിരുന്നു. അച്ഛൻ സമ്മതിച്ചിട്ട് ഉണ്ടാവും. അച്ഛമ്മ പറഞ്ഞാൽ അച്ഛൻ സമ്മതിക്കാതിരിക്കില്ല. അങ്ങനെ വേറൊരു അമ്മ അനിയത്തിമാർ. അമ്മുവിന് ആലോചിക്കാൻ കൂടി വയ്യാതായി .

അവൾ വീട്ടുവിട്ടിറങ്ങി പിന്നീട് അവൾ വയ്ക്കുന്ന ഓരോ അടിയും അവളുടെ ജീവിതത്തിലെ അവസാന നിമിഷങ്ങൾ ആയിരുന്നു. അമ്മയുള്ള ലോകത്തിലേക്ക് അവൾക്ക് പോകാമായിരുന്നു. .നീ എവിടെ പോകുന്നു.അവൾ തേങ്ങി കരഞ്ഞു അമ്മയുടെ ലോകത്തേക്ക് അവൾ പറയാതെ പറഞ്ഞു. അച്ഛൻ വേറെ കല്യാണം കഴിക്കുകയാണെങ്കിൽ ഞാനീ ലോകത്ത് ഉണ്ടാവില്ല തീർച്ച. പറഞ്ഞുകൊണ്ട് അവൾ കരയാൻ തുടങ്ങി.സങ്കടങ്ങൾ കൊണ്ട് വീർപ്പുമുട്ടുന്ന ആ പിതാവിന് സഹിക്കാൻ പറ്റാത്തതിന് അപ്പുറമായിരുന്നു.അത് ആ പിതാവിൻറെ മനസ്സ് ഇപ്പോഴും തന്റെ പന്തി യെകുറിച്ചോർത്ത് ദുഃഖിതമാണ്.ആ മനസ്സ് മനസ്സിലാക്കാൻ ആരുമില്ല എന്നോർത്ത് അയാൾ ദുഃഖിച്ചു.എൻറെ മക്കൾ പോലും ഇങ്ങനെയാണല്ലോ എന്നെ കുറിച്ച് മനസ്സിലാക്കിയിരിക്കുന്നത്.

അമ്മുവിൻറെ കൈപിടിച്ച് അച്ഛൻ പറഞ്ഞു. ഇനി എൻറെ ജീവിതത്തിൽ മറ്റൊരു ഭാര്യ ഉണ്ടാകില്ല പറഞ്ഞുകൊണ്ട് അവളെ വിളിച്ചു അയാൾ തൻറെ വീട്ടിലേക്ക് കൊണ്ടുപോയി. അപ്പോഴാണ് ബ്രോക്കർ ശ്രീധരൻ ചേട്ടൻ വീടിന്റെ മുന്നിൽ നിൽക്കുന്നത് കണ്ടത്. മോളെ നിനക്ക് നല്ലൊരു അമ്മയെ ഞാൻ കണ്ടു വച്ചിട്ടുണ്ട് നിന്നെ പൊന്നുപോലെ നോക്കാൻ കഴിയും അവൾക്ക് പേര് മഞ്ജു...പറഞ്ഞയാൾ മുന്നിലേക്ക് നടന്നു. അപ്പോഴാണ് അമ്മു മഞ്ജു ആൻറിയെക്കുറിച്ച് അറിഞ്ഞത് ആൻറി പാവമാ........അമ്മമരിച്ചപ്പോൾ ആൻറിയാണ് അവളെ ആശ്വസിപ്പിച്ചത്.അവൾക്ക് സന്തോഷമായി. ആൻറിക്ക് ഒരു പ്രശ്നം മാത്രമേ ഉള്ളൂ അമ്മയാവാൻ കഴിയില്ല. അച്ഛൻ അമ്മയോട് ചോദിച്ചു മോളെ ഞാൻ എന്തു ചെയ്യണം അവൾ തലയാട്ടി പൂർണസമ്മതത്തോടെ.....

പിറ്റേന്ന് കതിർമണ്ഡപത്തിലേക്ക് മഞ്ജു ആൻറി...അങ്ങനെ അവരുടെ ജീവിതത്തിലേക്ക്....പുതിയ വഴിത്തിരിവ് കാണിച്ചുകൊണ്ട് മഞ്ജു...അമ്മയെക്കാളും നന്നായി അമ്മുവിനെ അവൾ നോക്കിഅമ്മയുടെ ലോകത്തേക്ക് പോകാൻ നിന്ന ആ പെൺകുട്ടിയെ ഹൃദയത്തോട് ചേർത്ത് പിടിച്ച് അവൾ വീണ്ടെടുത്തു ആ പുതിയ അമ്മുവിനെ ഒരു നിദ്രയിൽ തന്റെ അമ്മ അവളെ ചിരിച്ചുകൊണ്ട് തഴുകി മഞ്ജു ആൻറി ജീവിതത്തിൽ വന്നതിൽ പിന്നെ അവൾ ഒരിക്കൽ പോലും ഹൃദയംപൊട്ടി കരഞ്ഞിട്ടില്ല. ഇന്നലകളുടെ വഴിത്തിരിവിൽ ഓർമ്മയായി അമ്മുവിൻറെ അമ്മ .....

**ആര്യ.ബി**
**8.G**

# നിത്യവസന്തം



പോവല്ലേ... പോവല്ലേ... പൂക്കാലമേ...

നിന്റെ പോക്കുവരവുകൾ വേണ്ട വേണ്ടാ

എന്നും വസന്തമായി നിന്നെക്കാണാൻ എന്നു

മെന്നും നീ വന്നീടുക.

ചെത്തിയും ജമന്തിയും മുല്ലയും മുക്കുറ്റിമരവും

കണിക്കൊന്നയും വേണം ഒറ്റയ്ക്ക നിൽക്കുന്ന

തുമ്പപ്പൂവേ...കൂട്ടമായി നിൽക്കുന്ന കൊട്ടപൂവെ...

പോകല്ലേ... പോകല്ലേ... പൂക്കാലമേ...

നിന്റെ പോക്കുവരവുകൾ വേണ്ട വേണ്ട

പൂത്തുമ്പി നിന്നു ചിരിക്കും പിന്നെ

പൂവിനു ചുറ്റും പറപറക്കും

കുട്ടികൾ വാരിപ്പുണർന്നിടിലും കെട്ടിപ്പിടിച്ച്

വെച്ചീടിലും-എന്നും വരിക നീ പൂക്കാലമേ

എന്നും വന്നീടുക പൂക്കാലമേ...



റുബീന.എസ്

8.A


# ഭൂമിയാത്ര

മാനം കറുത്തു വരുന്നുണ്ട്
ചെറുമഴ പെരുമഴ പെയ്യുന്നു
കണ്ടു രസിക്കാൻ സുഖമുണ്ട്
കണ്ണീർ പോലൊരു മഴയാണ്.
മാനത്ത് ആകെ മേഘങ്ങൾ
പുഞ്ചിരി തൂകി ഇരിക്കുന്നു

മലകൾ മറഞ്ഞു ഒരു പൊൻ സൂര്യൻ
മെല്ലെ മെല്ലെ പൊങ്ങുന്നു
നീലാകാശം തെളിയുന്നു
മഴകൾ കുറഞ്ഞുവരുന്നുണ്ട്
നീലക്കുയിലുകൾ പാടുന്നു
മഴയുടെ പുതു ഗാനങ്ങൾ
പുഞ്ചിരിതൂകും പൊൻ മഴകൾ
പാട്ടുകൾ പാടി മറയുന്നു

പക്ഷികൾ പാടും പാട്ടെല്ലാം
കണ്ടുരസിക്കും മഴയാണ്
നല്ലൊരു പുഞ്ചിരി തൂകിവരും
പൊൻ മഴയുടെ ചന്തം കണ്ടു ഞാൻ
നീലക്കുയിലിൻ പാട്ടെല്ലാം
പൊൻമഴ കേട്ടു രസിക്കുന്നു

നിവേദ്യ
5.E



# മാരിക്കുളിർ

മഴയെ മഴയെ പോകരുതേ
മറ്റൊരു ദിവസം വരരുതേവരരുതേ
മഴ പെയ്യല്ലോ
മേഘം കറുത്തല്ലോ
മഴത്തുള്ളി നീ പൊഴിയുന്നത് കാണാൻ
മഴയെ നീ എന്റെ മുറ്റത്തു നിന്നിട്ട്
കാണാതെ ഞാൻ എങ്ങും
പോവുകില്ല
ഒരുതുള്ളി നീ പൊഴിയുമ്പോൾ
മാനം മാറുന്നു
പൂക്കളും ജീവജാലങ്ങളും കാത്തുനിൽക്കുന്നു
നിന്റെ ഭംഗി ആസ്വദിക്കാൻ
കുളക്കരയിലെ മീനുകൾ തല വെളിയിൽ
ഇടുന്നു, പൂക്കൾ മഴയെ കാണാൻ
സന്തോഷത്തോടെ ഇതളുകൾ വിരിക്കുന്നു
മണ്ണിൽ നിന്ന് കുഞ്ഞു വിത്ത്
തലയുയർത്തി നോക്കിനിൽക്കുന്നു
കുട്ടികൾ വീണ്ടും മുറ്റത്ത് തുള്ളി കള്ളിക്കുന്നു
ജനിച്ച കാലം മുതൽ ഞാൻ പരിചയപ്പെട്ട
സുഹൃത്താണ് മഴ
ജനിച്ച നാൾ മുതൽ അമ്മയെ
ഇഷ്ടപ്പെട്ടത് പോലെ മഴയെ
ഞാൻ സ്നേഹിച്ചു
മാനത്തുള്ള ദേവതേ നീ
മഴയായി പൊഴിയുന്നു
മഴയെ മഴയെ മഴവില്ലെവിടെ
കൊണ്ടുവാ കൊണ്ടുവാ വേഗം വേഗം
മഴയെ നീ എന്റെ കരളാണ്..

ബോബിത്
8G

# പലതുള്ളി പെരുവെള്ളം

കിങ്ങിണികാട്ടിലെ മൃഗങ്ങളും പക്ഷികളും എല്ലാം പേടിച്ചു പരക്കം പാഞ്ഞു. കാരണം.എന്തന്നോ?അവിടെ കാട്ടുതീ ആളിപടരുകയാണ് മാനും മുയലും കടുവയും കാട്ടുപോത്തും പുലിയും പുൽച്ചാടിയുമെല്ലാം ജീവനും കൊണ്ട് പാഞ്ഞു. കാക്കയും കുയിലും പരുന്തും എല്ലാം പറപറന്നു .ആന പോലും സമയം പാഴാക്കാതെ സ്ഥലം കാലിയാക്കി.എങ്ങും തീയും പുകയും മാത്രം!

മരക്കൊമ്പിലിരുന്ന് ഉറങ്ങുകയായിരുന്ന മൂങ്ങച്ചാർ തീയുടെ ചൂട് അടിച്ചപ്പോൾ കണ്ണു തുറന്നു. പക്ഷി മൃഗങ്ങളുടെ കോലാഹലം കേട്ടപ്പോൾ കാര്യം അത്രപന്തിയല്ലെന്നു മനസ്സിലാക്കി മൂങ്ങച്ചാരും പറന്നുയർന്നു. പുക വന്നു മൂടി കാട്ടിൽ ആകെ ഇരുട്ടു പോലെ ആയി. പകൽ കണ്ണുകാണാത്ത മൂങ്ങച്ചാർക്ക് അപ്പോൾ കാര്യങ്ങളെല്ലാം കാണാമെന്നായി. അതാ ഒരു കുഞ്ഞു കുരുവി അരുവിയിലേക്കും അവിടെനിന്ന് തിരിച്ചും വീണ്ടും വീണ്ടും പറക്കുന്നു. മൂങ്ങച്ചാർ നോക്കുമ്പോൾ കുഞ്ഞുകുരുവി അരുവിയിൽ ചെന്ന് കൊക്കിൽ കുറേശ്ശെയായി വെള്ളം എടുത്തു വന്ന് കാട്ടുതീയിൽ തളിക്കുകയാണ്. മൂങ്ങച്ചാർക്കു പൊട്ടിച്ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഹ!ഹ!ഹ! നിൻറെ കുഞ്ഞ് കൊക്കിൽ കൊള്ളുന്ന ഇത്തിരി വെള്ളം കൊണ്ട് ഈ കാട്ടു തീ അണക്കാൻ കഴിയുമോ? മണ്ടത്തരം കാണിക്കാതെ വേഗം പറന്ന് രക്ഷപ്പെടാൻ നോക്ക്! മൂങ്ങച്ചാർ വിളിച്ചുപറഞ്ഞു. അപ്പോൾ കുഞ്ഞു കുരുവി പറഞ്ഞെതെന്തേന്നോ?

"മൂങ്ങചേട്ടാ! ഇതുവരെ സ്വന്തം അമ്മയെ പോലെയായിരുന്നു നമുക്കെല്ലാവർക്കും ഈ കാട്. ഒരു ആപത്ത് വന്നപ്പോൾ ഈ കാടിനെ കത്തി നശിക്കാൻ വിട്ട് നമ്മളെല്ലാം ഓടിപ്പോകുന്നത് ശരിയാണോ??? അതുകൊണ്ട് കാടിനെ രക്ഷിക്കാൻ എന്നാൽ ആവുന്നത് ഞാൻ ചെയ്യുകയാണ്. സന്മനസ്സ് ഉണ്ടെങ്കിൽ ചേട്ടനും എന്നോടൊപ്പം കൂടിക്കോ..." കുഞ്ഞുകുരുവി പറഞ്ഞത് ശരിയാണെന്ന്ക മൂങ്ങച്ചാർക്കും തോന്നി. ഒട്ടും വൈകാതെ മൂങ്ങച്ചാരും അരുവിയിലേക്ക് പറന്നിറങ്ങി.എന്നിട്ട് തന്റെകൊക്കിൽ കൊള്ളാവുന്നത്ര വെള്ളമെടുത്ത് കാട്ടുതീ അണയ്ക്കാനുള്ള ശ്രമം തുടങ്ങി. അതുകണ്ട് മറ്റു മൃഗങ്ങളും പക്ഷികളും ഒക്കെ അങ്ങോട്ട് വന്നു. കടുവയും കാട്ടുപോത്തും പുലിയും എല്ലാം വെള്ളം വായിലേക്ക് കൊണ്ടുവന്ന് ഒത്തുകൂടി അവർ തീഅണച്ചു ഒരുമ ആണ് വലുത് എന്നതാണ് ഇതിൽനിന്ന് നമുക്ക് മനസിലാകുന്ന പാഠം.

വിഷ്ണുമായ
8 E

# നമ്മുടെ ഉത്സവങ്ങൾ

പൊന്നിൻ ചിങ്ങം വന്നാൽ നമ്മുടെ
മാമലനാട്ടിൽ പൊന്നോണം
ഓണക്കോടിയുമോണനിലാവും
മേളമടിക്കുന്നൊരു തിരുവോണം


വിജയദശമിക്കല്ലേ നല്ലൊരു
വിദ്യാരംഭം നമ്മൾക്ക്!

മേടപുല്ലരിക്കെന്നും കൊന്നപ്പൂ
കണിവെക്കും വിഷുവല്ലേ
വിഷുവിനാൽപം മുമ്പോ , പിമ്പോ
ഈസ്റ്റർ തിരുന്നാൾ വന്നണയും.
ധനുമാസത്തിൽ വളകളിളക്കി
തിരുവാതിരയുടെ വരവാകും.

ഡിസംബർ ഇരുവത്തഞ്ചിനും കൃത്യം
ഹാപ്പി ക്രസ്മസ് മേളാങ്കം...



കാർത്തിക
6-D




# പ്രളയം നൽകിയ തിരിച്ചറിവുകൾ

പ്രളയം മുന്നിൽ കണ്ട സംസ്ഥാനങ്ങളിലൊന്നാണ് കേരളം ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കുന്ന കേരളം. പ്രകൃതിഭംഗി കൊണ്ട് അനുഗ്രഹീതമാണ്. നമ്മുടെ എല്ലാ കണക്കുകൂട്ടലും തെറ്റിച്ചു കൊണ്ടായിരുന്നു പ്രളയത്തിന്റെ വരവ്. ആ വരവ് നമ്മുടെ ജീവിതം തന്നെ മാറ്റിമറിച്ചു. പ്രളയത്തിന് മുൻപ് സ്വാർത്ഥതയിൽ ജീവിച്ച് പലരും മറ്റു പലരുടെയും ജീവിതത്തിൽ അംഗമായി തീർന്നു. പ്രളയത്തിന് മുൻപ് മനുഷ്യൻ മനുഷ്യനെ തന്നെ മറന്നിരുന്നു. പ്രകൃതിയിൽ നിൽക്കുന്ന മരങ്ങൾ, കുളങ്ങൾ, തടാകങ്ങൾ, ഇവയെല്ലാം നികത്തിയും  മുറിച്ചുമാറ്റിയും നമ്മളിൽ പലരും വലിയ വലിയ ഫ്ലാറ്റുകളും കെട്ടിടങ്ങളും നിർമിച്ചു. ഒരു മഴ പെയ്തപ്പോൾ ആ വെള്ളം എങ്ങോട്ട് പോകും എന്ന് ആരും ചിന്തിച്ചില്ല. മണ്ണുകൾ മാറ്റി സിമന്റെ പതിച്ചു ഇങ്ങനെ ഒരു മഹാപ്രളയംവന്നു? നേരിട്ടതിനുശേഷമെങ്കിലും നമുക്ക് തിരിച്ചറിവുണ്ടാകണം.

പ്രളയത്തിൽ നമ്മൾ സുപ്രധാനമായ ഒരുപാട് കാര്യങ്ങൾ പഠിച്ചു . മത സൗഹൃദം,നന്മ മനുഷ്യത്വം തുടങ്ങിയവ. പ്രളയത്തിൽ സഹായമായി വന്ന നൗഷാദ് സ്വന്തം കുടുംബത്തിലെ കഷ്ടപ്പാടുകൾ മറന്നു കൊണ്ട് മറ്റുള്ളവരെ സഹായിച്ചനൗഷാദിനെ പോലുള്ളവർ മനുഷ്യനന്മയുടെ മകുടോദാഹരണമാണ് നമുക്കേവർക്കും അദ്ദേഹത്തിന്റെ മാതൃക പിന്തുടരാം. അന്യസംസ്ഥാനതൊഴിലാളികൾ ഉൾപ്പെടെ ഒരു പാട് മനുഷ്യ സ്നേഹികളും, മത്സ്യത്തൊഴിലാളികളും, ചലചിത്രതാരങ്ങളും, സൈന്യവും ഈ ദുരന്തനിവാരണത്തിൽ കൈകോർത്തു.വയനാട്ടിലെ ഒരു ഭാഗമായ കവളപ്പാറയിൽ ആണ് 2019 ലെ പ്രളയത്തിൽ.ഒരു ഗ്രാമംമുഴുവൻ ഒലിച്ചുപോയ സംഭവം. മനുഷ്യമനസ്സുകളെതളർത്തിയതായായിരുന്നു. ഒരു നിമിഷത്തിൽ പലരേയും അനാഥമാക്കിയ സംഭവം ഏവരെയുംഞെട്ടിച്ചുകളഞ്ഞു. ഇത്തരം ദുരന്തങ്ങൾ തുടരാതിരിക്കണമെങ്കിൽ പ്രകൃതി സംരക്ഷണം എന്ന രക്ഷാകവചം നാം തീർക്കേണ്ടിയിരിക്കുന്നു. പ്രകൃതി ലോല പ്രദേശങ്ങളിലെ അനധികൃത ക്വാറികളുടെ നിർമാണ പ്രവർത്തനങ്ങൾ നിർത്തലാക്കുകയും. നീർത്തടങ്ങൾ സംരക്ഷിച്ചും, വനങ്ങൾ സംരക്ഷിച്ചും ഭൂമിയുടെ പച്ചപ്പ് വീണ്ടെടുത്താൽ വീണ്ടുമൊരു ദുരന്ത മുഖത്തെ നേരിടാതിരിക്കാം....

**അമീന ഷെറിൻ**
10.F

# മക്കൾക്ക് വേണ്ടി

മക്കൾക്ക് വേണ്ടി ഞാൻ കാശ് നേടി
അവർ അതുകൊണ്ട് ഇംഗ്ലീഷ് നേടി
ഇന്നവർ എന്റെ നേർ
പൊക്കുന്ന കാലിനെ
സ്വപ്നത്തിൽ പോലും എനിക്ക് പേടി
ഊണുമുറക്കവുമില്ലാതെ ഞാൻ നേടിയതൊക്കെ
അവർക്ക് വീതിച്ചു നൽകി മക്കൾക്ക് ഞാൻ
ഭാരമാവാതിരിക്കുവാൻ വീടൊന്ന് മാത്രം
ഞാൻ ബാക്കിയാക്കി.....
ഈയിടെ ഇവിടെയും യോഗം നടക്കുന്നു
ചർച്ചകൾ പലതും നടന്നിടുന്നു
ചർച്ചയിൽ നല്ല പരസ്യം പറയുന്നു
മക്കൾ മരുമക്കൾ വാശിയോടെ
കൊച്ചിയിലുണ്ട് വൃദ്ധസദനം ഇപ്പോൾ
കോഴിക്കോട്ടുണ്ട് സേവാസദനം
കാര്യമെനിക്ക് മനസിലായി, എന്റെ
വീടിനുമിന്നവർ നോട്ടമിട്ടു.
ജീവന്റെ ജീവനാം എന്റെ മക്കൾ എന്നെ
എങ്ങോ കളയാൻ വെമ്പുന്ന മക്കൾ.
തളർച്ചയോടിന്നു ഞാൻ ചാരിക്കിടക്കവേ
ചാരുകസേരക്കും മുറുമുറുപ്പ്
അറിയാതെ ഓർത്തു ഞാൻ പുറകിൽ
ഉപേക്ഷിച്ച യൗവ്വന ജീവിത കാലത്തെയും
അളവറ്റ സാമ്പത്തിനായ് യൗവ്വന ജീവിതം
മരുഭൂമിയിൽ ഞാനും നഷ്ടമാക്കി
പരിഭവം ദുഃഖം പരിദേവനങ്ങളും
പലതും പറഞ്ഞു കരഞ്ഞവളും
ഇതൊക്കെയും നമ്മുടെ മക്കൾക്ക്
വേണ്ടിയാണെന്ന് ആശ്വസിപ്പിച്ചു
പറഞ്ഞു ഞാനും
എന്നെ സ്നേഹിച്ചവൾ എല്ലാം സ്നേഹിച്ചവൾ
എന്നെ തനിച്ചാക്കി യാത്രയായി
സ്വർഗത്തിൽ നിന്നെന്നെ അവൾവിളിക്കുന്നു
മക്കളില്ലിവിടെ ഇങ്ങോട്ട് പോരു
മരണമാസന്നമായി ഉപദേശമൊന്നെനി-
ക്കുണ്ടെന്റെ മക്കൾക്ക് നൽകിടുവാൻ
ആയുസും ജീവിതവും നഷ്ടമാക്കീടുവാൻ
സമ്പാദിക്കല്ലേ മക്കൾക്ക് വേണ്ടി
അവരെ പടച്ചവനിഷ്ടമാണാന്നാകിൽ
അവർക്കുള്ളതെങ്ങാനും വന്നു ചേരും
മക്കളെ നോക്കേണ്ടെന്നർഥമില്ല
അതിനായി കളയേണ്ട ജീവിതമെന്നുസാരം
മാതാപിതാക്കൾക്ക്
നന്മ ചെയ്യാത്തോർക്കില്ല സ്വർഗം
എന്ന വേദവാക്യം......

പ്രിൻഷ
10-F



# കുഞ്ഞ് കുരുവി

നെല്ലി മരമേ നെല്ലി മരമേ കുഞ്ഞി
കുരുവിക്ക് വർഷകാലത്തു കുട് കൂട്ടാൻ
ഇടം തരുമോ നീ? ഞാൻ തര്രുല
ഞാൻ തര്രുല കുഞ്ഞു കുരുവിക്ക്
വർഷകാലം കൂട് കൂട്ടാൻ ഇടം
തരില്ല ഞാൻ

പ്ലാവ് മരമേ പ്ലാവ് മരമേ
കുഞ്ഞി കുരുവിക് വർഷകാലത്ത്
കൂട് കൂട്ടാൻ ഇടം തരുമോ നീ ?
ഞാൻ തരില്ല ഞാൻ തരില്ല കുഞ്ഞി
കുരുവിക്ക് വർഷകാലത്ത്
കൂട് കൂട്ടാൻ ഇടം തരില്ല ഞാൻ

വാഴ മരമേ വാഴ മരമേ കുഞ്ഞ് കുരുവിക്ക്
വർഷക്കാലത്ത് കൂടുകൂട്ടാൻ ഇടം തരുമോ നീ ?
ഞാൻ തരാം ഞാൻ തരാം കുഞ്ഞ്
കുരുവിക്ക് വർഷകാലം കൂടു കൂട്ടാൻ ഇടം
തരാം ഞാൻ .

ഇടിയും വന്നു മഴയും വന്നു കാറ്റും
വന്നല്ലോ നെല്ലിമരവും പ്ലാവ് മരവും
മറിഞ്ഞ് വീണല്ലോ ,
സ്നേഹമുള്ള വാഴ മരം മറിഞ്ഞ് വീഴാതെ നിന്നല്ലോ.....

ശ്രീജ
6-C

# Obstacle in our path

There once was a very wealthy and curious king. This king had a huge boulder placed in the middle of a road then he hide nearby to see if anyone would try to remove the gigantic rock from the road

The first people to pass by were some of the king's wealthiest merchants and courtiers. Rather then moving it, they simply walked around it. A few loudly blamed the king for not, maintaining the roads. Not one of them tired to move the boulder.

Finally, a peasant came along. His arms were full of vegetables. When he got near the boulder, rother then simply walking around it as the others had, the peasant. Put down his load  and tired to move.the stone to the sid of the road. It took a lot of effort but he finally succeeded.

The peasant gathered up his load and was ready to go on his way when he saw a purse lying in the road where the boulder had been. The peasent opened the purse. The purse was stuffed full of gold coins and a note from the king. The note is from king. The king's note is about the gold coin in the purse was a reward for moving the boulder from the road.

The king showed the peasant want many of as neverunderstand.

Every obstacle presents an opportunity to improve our condition.


**FATHIMA RINSHA**

**8A**

# QR CODES




"ദക്ഷിണ"- സ്കൂൾ മാഗസിൻ




"യാനം" ഡിജിറ്റൽ മാഗസിൻ

ജി.എച്ച്.എസ്.എസ്. മുതലമട

# PHOTO GALLERY

















Little Kites' ONE DAY Camp
10th October 2019
Thursday
@ G.H.S.S. MUTHALAMADA
Smt. M.P. SAILAJA


















ജി.എച്ച്.എസ്.എസ്. മുതലമട
സംസ്ഥാനതല കായികമേളയിൽ പങ്കെടുത്ത്
സമ്മാനാർഹരായ മുതലമടയുടെ അഭിമാനതാരങ്ങൾ
സംസ്ഥാന കായികമേളയിൽ പങ്കെടുത്ത മുതലമടയുടെ അഭിമാനതാരങ്ങൾ
കായികമേളയിൽ പകരം വയ്ക്കാനില്ലാത്ത സാന്നിധ്യം
ജി.എച്ച്.എസ്.എസ് മുതലമട.
തുടർച്ചയായി
21-ാം വർഷത്തിലും
കൊല്ലങ്കോട് ഉപജില്ല
ചാമ്പ്യൻഷിപ്പിന്റെ
തിളക്കത്തിൽ...
മഹേന്ദ്രന്
അഭിനന്ദനങ്ങൾ





# ജി.എച്ച്.എസ്.എസ്. മുതലമട